1.	തിരുവനന്തപുരം	61
2.	കൊല്ലം	49
3.	ആലപ്പുഴ	49
4.	പത്തനംതിട്ട	38
5.	കോട്ടയം	43
6.	എറണാകുളം	50
7.	ഇടുക്കി	47
8.	തൃശ്ശൂർ	71
9.	പാലക്കാട്	60
10.	മലപ്പുറം	59
11.	കോഴിക്കോട്	54
12.	വയനാട്	47
13.	കണ്ണൂർ	59
14.	കാസർഗോഡ്	49
15.	സംസ്ഥാനതല ലിസ്റ്റുകൾ	282

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പി.എസ്.സി.അപേക്ഷ ക്ഷണിക്കുകയും ഇതുവരെ പരീക്ഷ നടത്താത്തതുമായ തസ്തികകൾ

28 (28) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 1999 ഡിസംബർ 31-ന് മുമ്പ് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും ഇതുവരെ പരീക്ഷ നടത്താത്തതുമായ എത്ര തസ്തികകൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ബി) പി. എസ്. സി. സ്റ്റേറ്റ് ആഫീസിലും സർക്കിൾ ആഫീസുകളിലും ജില്ലാ ആഫീസുകളിലും 1999 ഡിസംബർ 31-നു മുമ്പുള്ള വിജ്ഞാപന പ്രകാരം പരീക്ഷ പോലും നടത്താൻ കഴിയാത്ത എത്ര തസ്തികകൾ ഉണ്ടെന്ന് വിശദമാക്കാമോ ;

(സി) പി. എസ്. സി. 1998-ന് മുമ്പ് വിജ്ഞാപനമിറക്കിയ വിവിധ വകുപ്പുകളിലെ എത്ര തസ്തികകളിൽ നിയമന നടപടികൾ പൂർത്തീകരിക്കാനുണ്ട് എന്നറിയിക്കാമോ ?

† അനുബന്ധം - XIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

എൽ.ഡി.സി. നിയമനം

29 (29) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ എൽ.ഡി.സി. മാരായി നിയമിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റ് എന്നാണ് നിലിവിൽ വന്നത് ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു ; ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളിൽ നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) പഴയ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് തീർന്നത് ; ഈ കാലയളവിനുള്ളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) പല വകുപ്പുകളിലും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ;

(ഇ) തൃശ്ശൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ കഴിഞ്ഞ പത്തു വർഷമായി ആരെയും നിയമിച്ചിട്ടില്ല എന്നത് ശരിയാണോ ; എങ്കിൽ എന്താണ് അതിന് കാരണം ;

(എഫ്) ഒഴിവുള്ള തസ്തികകളിൽ അടിയന്തിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2-5-2000-ൽ

(ബി) 286 പേരെ നിയമനത്തിനായി ശുപാർശ ചെയ്തു. വകുപ്പു തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 28-9-1998-ൽ 355 ഒഴിവുകൾ.

(ഡി) പരാതികൾ ലഭിച്ചതിനെ തുടർന്ന് ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമന അധികാരികൾക്കും വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ശരിയല്ല. എൽ.ഡി.ക്ളാർക്ക് തസ്തികയിൽ 13 പേരെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(എഫ്) സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം - XIV

LIBRARY ARCHIVES Kerala Legislative Assembly